**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3707** **15-07-2022 - ൽ മറുപടിയ്ക്ക്**

**അഴിമതിയും കൈക്കൂലിയും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ ചില വകുപ്പുകളിലെ ജീവനക്കാർ നടത്തുന്ന അഴിമതിയും കൈക്കൂലി വാങ്ങലും കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന സിവിൽ സർവ്വീസിൽ അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ പ്രാഥമികാന്വേഷണം/ വിജിലൻസ് അന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തുകയു സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ എന്നിവ ആവശ്യമായവയിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. ട്രാപ്പ് കേസുകളിൽ കുറ്റക്കാർക്കെതിരെ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടത്തി തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. കൂടാതെ, സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ട് തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി |

| | | | |
|---|---|---|---|
| | | | നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തുന്നു. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടത്തി തെളിവുകളുടെ വെളിച്ചത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. |
| (ബി) | ഇത്തരം പ്രവൃത്തികൾ നടത്തുന്ന ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുള്ളതാണ് |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് വിജിലൻസ് എടുത്തിട്ടുള്ളതെന്ന് ജില്ല, വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | കേസ് നമ്പർ | ജില്ല | വകുപ്പ് |
|---|---|---|---|
| 1 | VC 02/2021/TVM | തിരുവനന്തപുരം | കേരള വാട്ടർ അതോറിറ്റി |
| 2 | VC 03/2021/TVM | | സെക്രട്ടേറിയറ്റ് |
| 3 | VC 04/2021/TVM | | റവന്യൂ വകുപ്പ് |
| 4 | VC 01/2022/TVM | | തൊഴിൽ വകുപ്പ് |
| 5 | VC 05/2022/TVM | | നഗരകാര്യ വകുപ്പ് |
| 6 | VC 01/2021/SRT | | വനം വകുപ്പ് |
| 7 | VC 02/2022/SRT | | പഞ്ചായത്ത് വകുപ്പ് |
| 8 | VC 03/2020/SIU-I | | നഗരകാര്യ വകുപ്പ് |
| 9 | VC 06/2021/KLM | കൊല്ലം | പഞ്ചായത്ത് വകുപ്പ് |
| 10 | VC 04/2021/PTA | പത്തനംതിട്ട | റവന്യൂ വകുപ്പ് |
| 11 | VC 01/2022/PTA | | പഞ്ചായത്ത് വകുപ്പ് |
| 12 | VC 04/2022/PTA | | റവന്യൂ വകുപ്പ് |
| 13 | VC 01/2022/ALP | ആലപ്പുഴ | നഗരകാര്യ വകുപ്പ് |
| 14 | VC 02/2022/ALP | | മൃഗസംരക്ഷണ വകുപ്പ് |
| 15 | VC 01/2022/ERK | കോട്ടയം | എം.ജി സർവ്വകലാശാല |
| 16 | VC 07/2021/KTM | | പോലീസ് വകുപ്പ് |
| 17 | VC 08/2021/KTM | | പോലീസ് വകുപ്പ് |
| 18 | VC 11/2021/KTM | | മലിനീകരണ നിയന്ത്രണ ബോർഡ് |
| 19 | VC 03/2022/KTM | | വിദ്യാഭ്യാസ വകുപ്പ് |
| 20 | VC 05/2022/KTM | | ജലസേചന വകുപ്പ് |
| 21 | VC 05/2021/IDK | ഇടുക്കി | നഗരകാര്യ വകുപ്പ് |
| 22 | VC 09/2021/IDK | | പഞ്ചായത്ത് വകുപ്പ് |
| 23 | VC 11/2021/IDK | | റവന്യൂ വകുപ്പ് |
| 24 | VC 14/2021/IDK | | പട്ടികജാതി വികസന വകുപ്പ് |

| | | | |
|---|---|---|---|
| 25 | VC 02/2022/EKM | എറണാകുളം | നഗരകാര്യ വകുപ്പ് |
| 26 | VC 12/2021/TSR | തൃശ്ശൂർ | ആരോഗ്യ വകുപ്പ് |
| 27 | VC 03/2022/TSR | | റവന്യൂ വകുപ്പ് |
| 28 | VC 04/2022/TSR | | സർവ്വേ വകുപ്പ് |
| 29 | VC 01/2022/PKD | പാലക്കാട് | റവന്യൂ വകുപ്പ് |
| 30 | VC 07/2022/PKD | | റവന്യൂ വകുപ്പ് |
| 31 | VC 02/2021/MPM | മലപ്പുറം | റവന്യൂ വകുപ്പ് |
| 32 | VC 02/2022/MPM | | ആരോഗ്യ വകുപ്പ് |
| 33 | VC 05/2022/MPM | | രജിസ്ട്രേഷൻ വകുപ്പ് |
| 34 | VC 06/2022/MPM | | റവന്യൂ വകുപ്പ് |
| 35 | VC 07/2022/MPM | | സഹകരണ വകുപ്പ് |
| 36 | VC 02/2022/KKD | കോഴിക്കോട് | ജലവിഭവ വകുപ്പ് |
| 37 | VC 02/2021/WYD | വയനാട് | വാണിജ്യ നികുതിവകുപ്പ് |
| 38 | VC 03/2022/WYD | | പഞ്ചായത്ത് വകുപ്പ് |
| 39 | VC 03/2021/KNR | കണ്ണൂർ | റവന്യൂ വകുപ്പ് |
| 40 | VC 09/2021/KNR | | മോട്ടോർ വെഹിക്കിൾ |
| 41 | VC 10/2021/KNR | | നഗരകാര്യ വകുപ്പ് |
| 42 | VC 02/2022/KNR | | പോലീസ് വകുപ്പ് |
| 43 | VC 01/2021/KSD | കാസർഗോഡ് | റവന്യൂ വകുപ്പ് |
| 44 | VC 02/2021/KSD | | കൃഷി വകുപ്പ് |
| 45 | VC 01/2022/KSD | | റവന്യൂ വകുപ്പ് |